"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 25/11/2020

DT/1790/2020-H1

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - സർട്ടിഫിക്കറ്റ് വിഭാഗം - സർട്ടിഫിക്കറ്റുകൾ നേരിട്ട് കൈപ്പറ്റുന്നത് സംബന്ധിച്ച്.

സൂചന: 16..06..2020 തീയതിയിലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിനു ശേഷം ഡയറക്ടറേറ്റിൽ നിന്നും വിവിധ ഐ റ്റി ഐകൾക്ക് / ആർ ഐ സെന്ററുകൾക്ക് അനുവദിച്ചിരുന്ന ബ്ലാങ്ക് /മേലൊപ്പ് ചാർത്തിയ സർട്ടിഫിക്കറ്റുകൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അതാത് സ്ഥാപന മേധാവികൾക്ക് തപാൽ മാർഗം രജിസ്റ്റേർഡ് എ/ഡി ആയി അയച്ചുതന്നിരുന്നു. എന്നാൽ നിലവിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുകയും പൊതു ഗതാഗതം ഭാഗികമായി പുനഃസ്ഥാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്ന ബ്ലാങ്ക് /മേലൊപ്പ് ചാർത്തിയ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നതിന് അതാതു സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ രേഖാമൂലം നിയോഗിക്കേണ്ടതാണ്. ഇപ്രകാരം ഉദ്യോഗസ്ഥരെ നിയോഗിക്കുമ്പോൾ യാത്രകൾ പരമാവധി കുറയ്ക്കുന്ന തരത്തിലുള്ള ക്രമീകരണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

JUSTINRAJ B
ADDITIONAL DIRECTOR
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

**എല്ലാ ഗവ / പ്രൈവറ്റ് ഐ റ്റി ഐ പ്രിൻസിപ്പാൾമാർക്കും, ആർ. ഐ സെന്റർ ട്രെയിനിങ് ഓഫീസർമാർക്കും ( വകുപ്പ് വെബ് സൈറ്റ് മുഖേന)**

**പകർപ്പ് : CA to DT, CA to ADT, DD(T), DySAA, SS(H), SF(H)**